LIBRARY ARCHIVES Kerala Legislative Assembly

കേരളാ സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ

261 (1305) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് എത്രയായിരുന്നു ;

(സി) മുൻ വർഷങ്ങളിൽ നഷ്ടത്തിലായിരുന്ന കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷനെ ലാഭത്തിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) ധനകാര്യ വകുപ്പിൽനിന്ന് എന്തൊക്കെ ആനുകൂല്യങ്ങളാണ് കൺസ്യൂക്ഷൻ കോർപ്പറേഷന് നൽകിവന്നിരുന്നത്; അവ ഇപ്പോഴും നൽകുന്നുണ്ടോ; വിശദാംശം നൽകാമോ ;

(ഇ) നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ നൽകാതിരുന്നാൽ ഈ സ്ഥാപനം നഷ്ടത്തിലാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് കണക്കിലെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേരളാ സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷന്റെ 2012-13-ലെ സഞ്ചിത നഷ്ടം 2.79 കോടി രൂപയായിരുന്നു. 2013-14-ലെ പ്രൊവിഷണൽ കണക്കുപ്രകാരം കമ്പനി 11.29 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) കേരളാ സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷന്റെ മുൻ വർഷങ്ങളിലെ സഞ്ചിത നഷ്ടം നികത്തി ലാഭത്തിലെത്തിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. പണികൾ വേഗതയിൽ തീർക്കുന്ന കരാറുകാരുടെ ഒരു പാനൽ ഉണ്ടാക്കി ബോർഡ് അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യരായ കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചുകൊടുക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുകയും എം.ഒ.യു. പ്രകാരം പണി ഏല്പിച്ചു കൊടുക്കുകയുമുണ്ടായിട്ടുണ്ട്.

2. കൺസൾട്ടൻസി വിഭാഗം രൂപീകരിച്ച സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെയും ഇതര ഏജൻസികളുടെയും കൺസൾട്ടൻസി, ഡിപിആർ ജോലികളും ഏറ്റെടുത്തു നടത്തിവരുന്നു.

3. വകപ്പിൽനിന്നും ബില്ലുകൾ കിട്ടുന്നതിനുള്ള കാലതാമസം പരിഗണിച്ച് പണിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ കടിശ്ശിക ബില്ലിന്റെ/ബാങ്ക് ഗ്യാരന്റിയുടെ ഉറപ്പിൽ, കമ്പനി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിശ്ചിത പരിധി നിരക്കിൽ വർക്ക് അഡ്വാൻസ് നൽകി പണി വേഗത്തിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

4. പണിയുടെ പുരോഗതി, ഗുണനിലവാരം എന്നിവ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5. ഉപകരാറുകാർക്ക് പണിയുടെ ബില്ലുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന ബിൽ തുകയുടെ 90% അഞ്ച് ദിവസത്തിനകം ലഭ്യമാക്കുവാനും ബാക്കി തുക ഓഡിറ്റിനുശേഷം നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ആനുകൂല്യം കമ്പനി നേടിയെടുത്തുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മറ്റ് സാമ്പത്തിക സഹായങ്ങളൊന്നും കോർപ്പറേഷന് നൽകുന്നില്ല.

(ഇ) ഇക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly